⇨ എട്ടു കോളം തലക്കെട്ടിൽ വിസ്തരിച്ച് വാർത്ത കൊടുത്തിരിക്കുന്നു ⇨

“ആവേശത്തിന്റെ ഓളപ്പരപ്പിലൂടെയായിരുന്നു മമ്മൂട്ടിയുടെ വരവ്. പ്രിയപ്പെട്ട സത്യൻ അന്തിക്കാടിനൊപ്പം ഗൃഹാതുരമായ ഒരു കൂട്ടുകെട്ടിനെ ഓർമ്മപ്പെടുത്തി മോഹൻലാലുമെത്തി. മാതൃഭൂമിയുടെ നവതിയാഘോഷം അങ്ങിനെ മലയാള സിനിമയിലെ ഏറ്റവും തിളക്കമാർന്ന രണ്ട് നക്ഷത്രങ്ങളുടെ തെളിഞ്ഞ ആകാശം കൂടിയായി. ഫോർട്ട് കൊച്ചിയിൽ ‘ഗാങ്സ്റ്റർ’ എന്ന പുതിയ ചിത്രത്തിന്റെ ലൊക്കേഷനിൽ നിന്ന് പ്രത്യേക സ്പീഡ് ബോട്ടിലാണ് മമ്മൂട്ടി ചടങ്ങിനെത്തിയത്. ചാനൽ എന്ന ബോട്ടിന്റെ വേഗച്ചിറകിലേറി ഉച്ചക്ക് രണ്ടരയോടെ മമ്മൂട്ടി കിൻകോ ജെട്ടിയിലെത്തി. അവിടെ നിന്ന് പ്രത്യേക വാഹനത്തിൽ വേദിയിലേക്ക്. പ്രധാനമന്ത്രി പങ്കെടുക്കുന്ന ചടങ്ങായതിനാൽ അതീവ സുരക്ഷയിലായിരുന്നു കായൽമേഖല. അതുകൊണ്ട് എസ്.പി.ജി, നാവികസേന, കോസ്റ്റ്ഗാർഡ്, സി.ഐ.

# ‘അത്ര പ്രൗഢമോ, ആ സദസ്സ്?’

മാതൃഭൂമി പത്രത്തിന്റെ തൊണ്ണൂറാം പിറന്നാളാഘോഷത്തിന്റെ ഭാഗമായി കൊച്ചിയിൽ നടന്ന പരിപാടിയുടെയും അടുത്ത ദിവസമിറങ്ങിയ പത്രത്തിന്റെയും വെളിച്ചത്തിൽ കോർപ്പറേറ്റ്–മാധ്യമ ചങ്ങാത്തത്തിലെ അസംബന്ധങ്ങളെക്കുറിച്ച്

**എസ്. നാരായണൻ**

എസ്.എഫ് എന്നിവയുടെ അനുമതിയോടെയും സഹകരണത്തോടെയുമായിരുന്നു നവതിയാഘോഷസ്ഥലത്തേക്ക് മമ്മൂട്ടിയുടെ കായൽ യാത്ര. പോലീസ് സംഘവും സഹായത്തിനുണ്ടായിരുന്നു. മമ്മൂട്ടിയുടെ വരവിന് പത്തു നിമിഷം മുമ്പ് മോഹൻലാൽ വേദിയിലേക്കെത്തി. അടുത്തടുത്തുള്ള ഇരിപ്പിടങ്ങളിൽ മലയാള സിനിമയിലെ നായകർ, മാതൃഭൂമിയുടെ നവതിക്ക് സാക്ഷികളായി.”

മാതൃഭൂമി പത്രത്തിന്റെ തൊണ്ണൂറാം പിറന്നാളാഘോഷത്തിന്റെ ഭാഗമായി കൊച്ചിയിൽ നടന്ന പരിപാടിയെപ്പറ്റി ‘ഓളച്ചിറകേറി മമ്മൂട്ടി, അന്തിക്കാടിനൊപ്പം ലാൽ’ എന്ന തലക്കെട്ടോടെ കൊടുത്ത റിപ്പോർട്ടാണ് മുകളിൽ കണ്ടത്. മമ്മൂട്ടി കൂളിംഗ് ഗ്ലാസ് ധരിച്ച് കായൽ പരപ്പിലൂടെ സ്പീഡ് ബോട്ടിൽ വരുന്ന ചിത്രവും ഒപ്പമുണ്ട്. സദസ്സിൽ ഉണ്ടായിരുന്ന മറ്റു മഹാരഥന്മാരെ പറ്റി തൊട്ടപ്പുറത്തു തന്നെ ‘പ്രൗഢം, സമ്പന്നം ഈ സദസ്സ്’ എന്ന് എട്ടു കോളം തലക്കെട്ടിൽ വിസ്തരിച്ച് വാർത്ത കൊടുത്തിരിക്കുന്നു. കേന്ദ്രമന്ത്രിമാർ, സംസ്ഥാനമന്ത്രിമാർ, ഉദ്യോഗസ്ഥപ്രമുഖർ, ജഡ്ജിമാർ, എഴുത്തുകാർ, മത രാഷ്ട്രീയ നേതാക്കൾ, പത്രാധിപന്മാർ തുടങ്ങി സമൂഹത്തിന്റെ നാനാതുറയിലുമുള്ളവർ സദസ്സിലുണ്ട്.

പ്രൗഢ സദസ്സിലുള്ള നൂറ്റമ്പതോളം പേരുകൾ എടുത്തെഴുതിയതു പോരാതെ പരിപാടിക്കെത്താൻ ഉദ്ദേശിച്ചിരുന്നവരേയും വഴിയിൽ പെട്ടുപോയവരേയും ലേഖകൻ റിപ്പോർട്ടിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. “മഞ്ജു വാരിയരുടെ തിരിച്ചുവരവിലെ ആദ്യ ചിത്രമായ ‘ഹൗ ഓൾഡ് ആർ യു’വിന്റെ തിരക്കിട്ട ചർച്ചകൾക്കിടയിൽ നിന്നാണ് ബോബിയും സഞ്ജയും എത്തിയ


പ്രൗഢം, സമ്പന്നം ഈ സദസ്സ്

മാതൃഭൂമിയുടെ തൊണ്ണൂറാം പിറന്നാളാഘോഷത്തിലെ സദസ്സിനെക്കുറിച്ച് വന്ന വാർത്ത

ത്. ചിത്രത്തിന്റെ സംവിധായകൻ റോഷൻ ആൻഡ്രൂസും ഇവർക്കൊപ്പമെത്താൻ ഉദ്ദേശിച്ചിരുന്നുവെങ്കിലും അവസാന നിമിഷമുണ്ടായ അസൗകര്യം മൂലം സാധിച്ചില്ല. ചടങ്ങിനു പുറപ്പെട്ട മീരാനന്ദനു മുന്നിൽ പാതി വഴിയിൽ ട്രാഫിക് കുരുക്ക് വില്ലനായി. പ്രധാനമന്ത്രി വരാറായ സമയമായതിനാൽ മറൈൻ ഡ്രൈവിലേക്കുള്ള റോഡിലെ ഗതാഗതം നിയന്ത്രിച്ചിരുന്നു, ഇതോടെ മീരക്ക് ചടങ്ങിനെത്താനാകാതെ പോയി". ലേഖകൻ കണ്ണീരോടെ റിപ്പോർട്ട് അവസാനിപ്പിക്കുന്നു.

ഇത്രയും എടുത്തെഴുതിയതിന് കാരണമുണ്ട്. കൊച്ചിയിൽ നടന്നത് ഒരു സിനിമാ മാസികയുടെ തൊണ്ണൂറാം പിറന്നാളായിരുന്നില്ല. നാടിന്റെ സ്വാതന്ത്ര്യസമരത്തിലും സാമൂഹ്യചരിത്രത്തിലും നിർണ്ണായകമായ ഇടപെടലുകൾ നടത്തിയ ഒരു പത്രത്തിന്റെ നവതിയാഘോഷമാണ് അവിടെ നടന്നത്. നാഴികക്ക് നാല്പതുവട്ടം സ്വാതന്ത്ര്യസമരത്തേയും മഹാത്മാഗാന്ധിയേയും ഐക്യ കേരളത്തേയും ഗുരുവായൂർ സത്യാഗ്രഹത്തേയും കെ.പി.കേശവമേനോനേയും ഉദ്ധരിക്കുന്ന പത്രത്തിന്റെ നേതൃനിരയിലുള്ളവർ മാതൃഭൂമിയെ സിനിമാക്കാരുടെ തൊഴുത്തിൽ കൊണ്ടു ചെന്നു കെട്ടി എന്ന് തെറ്റിദ്ധരിക്കരുത്. സിനിമാക്കാരെ കൊതിപ്പിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ. യഥാർത്ഥത്തിൽ കോർപ്പറേറ്റുകളുടെ തൊഴുത്തിലാണ് പത്രത്തെ കൊണ്ടു കെട്ടിയിരിക്കുന്നത്. 'പ്രൗഢം സമ്പന്നം ഇ ൗ സദസ്സ്' എന്ന വാർത്ത അവസാനിക്കുന്നത് കോർപ്പറേറ്റ് മേധാവികളുടെ നീണ്ട ലിസ്റ്റ് കൂടി അവതരിപ്പിച്ചിട്ടാണ്.

മഹാത്മാഗാന്ധിയിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് ആരംഭിച്ച പ്രസ്ഥാനമാണ് മാതൃഭൂമിയെന്ന് സ്വാഗതപ്രസംഗം നടത്തിയ മാനേജിംഗ് ഡയറക്ടർ എം.പി. വീരേന്ദ്രകുമാർ അർത്ഥശങ്കക്കിടയില്ലാതെ പറഞ്ഞു. കാലമെത്ര മാറിയാലും മൂല്യങ്ങളിൽ വിട്ടുവീഴ്ചയുണ്ടാവില്ലെന്ന് അദ്ദേഹം സദസ്സിന് ഉറപ്പു കൊടുത്തു. മാതൃഭൂമി അതിന്റെ പാരമ്പര്യത്തിൽ നിന്നും മൂല്യങ്ങളിൽനിന്നും കടുകിട വ്യതിചലിക്കില്ലെന്ന് മാനേജിംഗ് എഡിറ്റർ പി.വി. ചന്ദ്രനും ഉറപ്പിച്ചു പറയുന്നു. എന്തു മൂല്യമാണ് മാനേജിംഗ് ഡയറക്ടറും മാനേജിംഗ് എഡിറ്ററും ഉറപ്പിക്കുന്നതെന്ന് 'പ്രൗഢം സമ്പന്നം ഈ സദസ്സ്'എന്നതിനു താഴെ കൊടുത്ത, പരിപാടിയിൽ പങ്കെടുത്തവരുടെ പട്ടിക വായിച്ചാൽ വ്യക്തമാകും. "ഫെഡറൽ ബാങ്ക് മാനേജിംഗ് ഡയറക്ടറും സി.ഇ.ഒ യുമായ ശ്യാം ശ്രീനിവാസൻ, ബീന കണ്ണൻ (ശീമാട്ടി), എം.പി.അഹമ്മദ് (മലബാർ ഗോൾഡ്), വി.പി.നന്ദകുമാർ (മണപ്പുറം ഫിനാൻസ്), ഗോവിന്ദ് കമ്മത്ത് (ജയലക്ഷ്മി സിൽക്സ്), പ്രകാശ് പട്ടാഭിരാമൻ (കല്യാൺ സിൽക്സ്), ബിജു കർണ്ണൻ (നിറപറ), ബാബു മൂപ്പൻ (നിപ്പോൺ ടൊയോട്ട), ജി.പി.സി. നായർ (എസ്.സി.എം.എസ്), അനിൽ വർമ്മ സുനിൽകുമാർ (അസറ്റ് ഹോംസ്), രാജീവ് നായിക്, രവി നായിക് (വി.എൻ.എം), റസാക് റഫീക് (വി.കെ.സി), തോമസ് ജോർജ് മുത്തൂറ്റ് (മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പ്), ശരൺ കർത്ത (സി.എം.ആർ.എൽ), കെ. ഭവദാസ് (കെ.പി.നമ്പൂതിരീസ്), സി.സി. വില്യം വർഗ്ഗീസ് (ബി.ആർ.ഡി. ഗ്രൂപ്പ്), വർഗ്ഗീസ് ആലൂക്ക (ജോസ് ആലൂക്കാസ്), പ്രേംകുമാർ (ഈസ്റ്റേൺ ഗ്രൂപ്പ്), സിദ്ദിഖ് അഹമ്മദ് (ഇറാം ഗ്രൂപ്പ്), ഭുവനേന്ദ്രൻ (ഹെഡ്ജ് ഇക്വിറ്റീസ്), മാത്യു മുത്തൂറ്റ് (മിനി മുത്തൂറ്റ് ഗ്രൂപ്പ്), ബാബു ആലപ്പാട്ട് (ആലപ്പാട്ട് ഗോൾഡ്)..."

മമ്മൂട്ടി വന്നതുപോലെ ഓളച്ചിറകേറിയല്ല മാതൃഭൂമി കേരള ചരിത്രത്തിന്റെ ഭാഗമായത്. ഓളത്തിനെതിരെ നീന്തിയാണ് മാതൃഭൂമി മലയാളിയുടെ ജീവിതത്തിൽ ഇടമുണ്ടാക്കിയത്. ഈ പാരമ്പര്യം ഇന്നത്തെ നേതൃത്വം മറ

ന്നു പോകുന്നു. അതുകൊണ്ടാണ് പ്ലാച്ചിമട സമരത്തിന്റെ ഖ്യാതി അവകാശപ്പെടുമ്പോഴും പ്ലാച്ചിമട സമരത്തിലെ ഒറ്റ പ്രതിനിധിക്കെങ്കിലും ആ 'പ്രൗഢ' സദസ്സിലേക്ക് ക്ഷണം കിട്ടാതിരുന്നത്. എൻഡോസൾഫാന്റെ ദുരിതം അനുഭവിക്കുന്ന കാസർക്കോട്ടുനിന്ന് ആരെങ്കിലും അവിടെയുണ്ടായിരുന്നോ? സഞ്ചാര സ്വാതന്ത്ര്യത്തിനു വേണ്ടി സമരം ചെയ്യുന്ന പാലിയേക്കര ടോൾ പ്ലാസയിൽ നിന്ന് ആരെങ്കിലും? ശുദ്ധ വായുവിന് വേണ്ടി മുറവിളി കൂട്ടിയതിന് പോലീസിന്റെ കാടത്തം അനുഭവിക്കേണ്ടിവന്ന കാതികുടത്തുനിന്ന്...?, ലാലൂരിൽ നിന്ന്...?, വിളപ്പിൽ ശാലയിൽനിന്ന്...?, പ്ലാച്ചിമട സമരത്തിന് തങ്ങളാ


അസ്വതന്ത്രരായ ഒരു ജനതയെ ഉണർത്താനും അയിത്തത്തിലും അനാചാരങ്ങളിലും കുടുങ്ങി നട്ടം തിരിയുന്നവരുടെ തോളോടുതോൾ ചേർന്നു നിൽക്കാനും വേണ്ടി, അസാമാന്യ നേതൃപാടവവും ത്യാഗസന്നദ്ധതയും ഉണ്ടായിരുന്നവർ ചേർന്ന് തുടങ്ങിവച്ച ഒരു പത്രം തൊണ്ണൂറ് വയസ്സാകുമ്പോൾ കോർപ്പറേറ്റുകളുടെ കാൽക്കൽ സാഷ്ടാംഗം വീണുകിടക്കുന്നത് എന്തുകൊണ്ടാണ്?

ണ് നേതൃത്വം കൊടുത്തതെന്ന് 'വീര്സ്യം പറഞ്ഞുകൊണ്ടിരിക്കുന്ന മാതൃഭൂമിക്ക്, ഒപ്പം നിന്ന ഒരു സമരപോരാളിയെയെങ്കിലും നവതിയിലേക്ക് ക്ഷണിക്കാൻ തോന്നിയില്ല. എൻഡോസൾഫാൻ ഇരകളുടെ എത്രയോ ദയനീയ ചിത്രങ്ങൾ മാതൃഭൂമി അച്ചടിച്ച് കാശാക്കി മാറ്റിയിരിക്കുന്നു. എന്നിട്ടും അവിടുത്തെ ഒരു പ്രാതിനിധ്യവും സദസ്സിലില്ല. രാസവളവും കീടനാശിനിയുമില്ലാതെ നെല്ലുവിളയിക്കുന്ന, ജലസംരക്ഷണത്തിൽ അതീവ പ്രാഗത്ഭ്യമുള്ള, വൃക്ഷം നടുന്നത് തപസ്യയായി കൊണ്ടുനടക്കുന്ന എത്രയോ പേരെ മാതൃഭൂമി വാർത്തകളിൽ അവതരിപ്പിച്ചിരിക്കുന്നു. അവരൊന്നും നവതി ആഘോഷത്തിന്റെ സദസ്സിലില്ല. അരിയുണ്ടാക്കുന്നവനും തുണിയുണ്ടാക്കുന്നവനുമൊന്നും ഒരു രൂപയുടെ പോലും പരസ്യം നൽകില്ല. അതിന് 'നിറപറ'യും പട്ടുവ്യാപാരികളും തന്നെ വേണം. സ്ഥിരമായി പരസ്യം കൊടുത്തുകൊണ്ടിരുന്ന ഒരു ജ്വലറിക്ക് സ്വർണ്ണ കള്ളക്കടത്തിൽ ഉൾപ്പെട്ടതിനെത്തുടർന്നുണ്ടായ പ്രതിസന്ധിഘട്ടത്തിൽ പരസ്യം ഒരു മാസത്തോളം നിർത്തിവയ്ക്കേണ്ടി വന്നു. അപ്പോഴേക്കും ശമ്പളം കൊടുക്കാൻ നിവൃത്തിയില്ലാതെ രണ്ട് ചെറുകിട പത്രങ്ങൾ അവരുടെ കോഴിക്കോട് യൂണിറ്റ് അടച്ചുപൂട്ടിയാലോ എന്നാലോചിച്ചുവത്രേ. ജ്വല്ലറിക്കാർ അവരുടേതായ രീതിയിൽ തടിതപ്പിയപ്പോഴാണ് പത്രങ്ങൾ വീണ്ടും ഉഷാറായത്. ഇതാണ് പരസ്യക്കാരും പത്രവും തമ്മിലുള്ള ബന്ധം. ഈ പത്രത്തിന് ജ്വല്ലറി നടത്തിയ സ്വർണ്ണകള്ളക്കടത്തിനെക്കുറിച്ച് എന്തെങ്കിലും മിണ്ടാനാകുമോ? നവതിയാഘോഷം കഴിഞ്ഞ് നാലുദിവസത്തിന് ശേഷം ഇറങ്ങിയ മാതൃഭൂമി പത്രത്തിന്റെ ഒന്നാം പേജിലെ പ്രധാനതലക്കെട്ട്, ഇന്ത്യയിലെ രാഷ്ട്രീയപാർട്ടികൾക്ക് ലഭിക്കുന്ന സംഭാവനകളിൽ 87 ശതമാനവും കോർപ്പറേറ്റ് പണമാണെന്നതിനെ സംബന്ധിച്ചായിരുന്നു. ജനകീയ പ്രശ്നങ്ങൾക്ക് പുല്ലുവില കൽപ്പിച്ചുകൊണ്ട് കോർപ്പറേറ്റുകളുടെ മടിത്തട്ടിലിരുന്ന് അവർക്ക് വേണ്ടി പത്രം അടിച്ചിറക്കുമ്പോഴും രാഷ്ട്രീയക്കാരനെ കുറ്റം പറയുന്ന ഈ സമീപനം കാൽ മണലിൽ താഴ്ത്തിയ പഴയ മന്തുകാലനെ ഓർമ്മിപ്പിക്കുന്നു.

ദുരിതമനുഭവിക്കുന്നവരോ ദുരിതം അനുഭവിക്കുന്നവരുടെ കൂടെ നിൽക്കുന്നവരോ ആരും ആ 'പ്രൗഢ' സദസ്സിൽ പെട്ടില്ല. അസ്വതന്ത്രരായ ഒരു ജനതയെ ഉണർത്താനും അയിത്തത്തിലും അനാചാരങ്ങളിലും കുടുങ്ങി നട്ടം തിരിയുന്നവരുടെ തോളോടുതോൾ ചേർന്ന് നിൽക്കാനും വേണ്ടി, അസാമാന്യ നേതൃപാടവവും ത്യാഗസന്നദ്ധതയും ഉണ്ടായിരുന്നവർ ചേർന്ന് തുടങ്ങിവച്ച ഒരു പത്രം തൊണ്ണൂറ് വയസ്സാകുമ്പോൾ കോർപ്പറേറ്റുകളുടെ കാൽക്കൽ സാഷ്ടാംഗം വീണുകിടക്കുന്നത് എന്തുകൊണ്ടാണ്? കുന്നിടിക്കുന്നതിനെതിരെയും മണ്ണും വനവും കൊള്ളയടിക്കുന്നതിനെതിരെയും കുടിവെള്ളത്തിനു വേണ്ടിയും വയലുകൾ നികത്തി വിമാനത്താവളം നിർമ്മിക്കുന്നതിനെതിരെയും ഒരു തുണ്ട് ഭൂമിക്കു വേണ്ടിയും കേരളത്തിലങ്ങോളമിങ്ങോളം ഇരുനൂറിലധികം ജനകീയ സമരങ്ങൾ നടന്നുവരുന്നു. ഇതിലുൾപ്പെട്ട ഏതെങ്കിലും ഒരാൾ ആ സദസ്സിലുണ്ടായിരുന്നുവോ എന്ന് നമുക്കറിയില്ല. അങ്ങനെയാരെങ്കിലും അവിടെയുണ്ടായിരുന്നെങ്കിൽ തന്നെ, അവർക്കൊന്നും 'പ്രൗഢി'യുള്ളതായി മാതൃഭൂമി അംഗീകരിച്ചിട്ടില്ല എന്നതു മാത്രമാണ് പിറ്റേന്നിറങ്ങിയ പത്രത്തിൽ നിന്ന് നമുക്കറിയാനാവുന്നത്.

നവതി മഹാമഹം നടന്ന ജനുവരി 5ന് തന്നെയായിരുന്നു ഗുരുവായൂരിൽ, ജാതിയിൽ താഴ്ന്നയാളാണെന്ന് പറഞ്ഞ് പഞ്ചവാദ്യ സംഘത്തിലെ ഇലത്താളം കൊട്ടുന്ന കല്ലൂർ ബാബു എന്ന ദളിത് യുവാവിനെ ക്ഷേത്രത്തിൽ നിന്നും അപമാനിച്ച് പുറത്താക്കിയത്. ഗുരുവായൂർ സത്യഗ്രഹത്തിന്റെ അട്ടിപ്പേറ് അവകാശപ്പെടുന്ന മാതൃഭൂമി ദിവസങ്ങളോളം അത് റിപ്പോർട്ട് ചെയ്യുകപോലുമുണ്ടായില്ല. സമരങ്ങളും പ്രക്ഷോഭങ്ങളുമായി വിവിധ സംഘടനകൾ ഗുരുവായൂരിനെ ഇളക്കി മറിച്ചപ്പോഴാണ് നിൽക്കക്കള്ളിയില്ലാതെ മാതൃഭൂമി സംഭവം നടന്ന് രണ്ടാഴ്ചയ്ക്ക് ശേഷം വാർത്തകൾ നൽകിത്തുടങ്ങിയത്. തൃശൂരിന് പുറത്തുള്ള മാതൃഭൂമി വായനക്കാർ ഈ സംഭവം അറിഞ്ഞിട്ടുണ്ടോ എന്ന് തന്നെ സംശയിക്കേണ്ടിയിരിക്കുന്നു. നവതിയുടെ ഭാഗമായി മാതൃഭൂമിയിൽ ഈയിടെത്തുടങ്ങിയ 'പോരാട്ടം' എന്ന പംക്തിയിൽ പഴയ മുഖപ്രസംഗങ്ങൾ എടുത്തെഴുതിയിരിക്കുന്നു: ''അയിത്തം എന്ന വാക്കിന് മാത്രമായിരുന്നു അന്ന് അതിന്റെ താളുകളിൽ അയിത്തം. ജീവിതവും സമരവും ഒന്നാക്കി മാറ്റിയവരാണ് എന്നും മാതൃഭൂമിയെ നയിച്ചത്. വൈക്കത്തെ നടവഴികൾ നാടിനു മുഴുവനുമായി തുറക്കുന്നതിനുള്ള സഹനപരമ്പരയുടെ തലപ്പത്ത് മാതൃഭൂമി പത്രാധിപർ കെ.പി. കേശവമേനോനും, മാനേജർ കെ. കേളപ്പൻ നായരുമായിരുന്നു. ഇരുവർക്കും ലഭിച്ച പ്രതിഫലം ഇരുമ്പഴികളായിരുന്നു. അന്ന് പത്രമെഴുതി: അയിത്തം ഉന്മൂലനാശം ചെയ്യാനുള്ള പരിശ്രമത്തെ വിജയപ്രദമാക്കുവാൻ മാതൃഭൂമി അതിന്റെ പത്രാധിപരേയും മാനേജരേയും ബലികൊടുത്തിരിക്കുന്നു. ഇതിലധികം ഒരു ത്യാഗം മാതൃഭൂമിക്ക് ചെയ്യാനില്ല."

'പോരാട്ടം' എന്ന പംക്തിയിൽ പഴയകാല പ്രൗഢിയെപ്പറ്റി മാത്രമല്ല, ഇന്നത്തെ നേതൃത്വത്തെയും പത്രം എന്തിനു വേണ്ടി നില കൊള്ളുന്നു എന്നും എടുത്തുപറയുന്നുണ്ട്. ' 'സാമൂഹ്യ വിഷയങ്ങളിൽ ആളുകൊണ്ടും അക്ഷരം കൊണ്ടുമുള്ള ഇടപെടലിനെ മാനേജിംഗ് ഡയറക്ടറായ എം.പി.വീരേന്ദ്രകുമാർ തന്നെ മുന്നിൽ നിന്ന് നയിക്കുന്നു. മണ്ണിനും മരത്തിനും പുഴക്കും പൂക്കൾക്കും മനുഷ്യനും അവന്റെ ശ്വാസത്തിനും വേണ്ടി സമർപ്പിക്കപ്പെട്ടിരിക്കുന്നു ഈ പത്രത്തിന്റെ മുഴുവൻ കരുത്തും." ആളുകൊണ്ടുള്ള ഇടപെടൽ കൊക്കക്കോള കമ്പനിയെ മാമ്പഴച്ചാർ ഉണ്ടാക്കുന്ന കമ്പനിയാക്കാൻ വേണ്ടി നടത്തിയ ശ്രമങ്ങളിൽ കേരളീയർ കണ്ടതാണ്. അത് പുറത്തറിയാൻ മാനേജിംഗ് ഡയറക്ടറുടെ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ പിളർപ്പും അതിനെത്തുടർന്നുള്ള വിഴുപ്പലക്കലും വേണ്ടിവന്നു എന്നു മാത്രം. അക്ഷരം കൊണ്ടുള്ള ഇടപെടൽ അറിയണമെങ്കിൽ നവതി ആഘോഷിച്ച ദിവസം ഇറങ്ങിയ പത്രത്തിലെ മാർക്കറ്റിംഗ് ഫീച്ചർ വായിച്ചാൽ മതി. "നാലുചുവരുകളിലും ഈശ്വര ചിത്രങ്ങൾ. കെടാ വിളക്കുകളുടെ പ്രഭ. ഭക്തിനിറവിന്റെ പൂമാലചാർത്ത്. ചന്ദന-കളഭ സുഗന്ധം. പോക്കറ്റിൽ തിളങ്ങുന്ന പേനയിൽ പോലുമുണ്ട് ദേവസാന്നിദ്ധ്യം. തിരക്കേറിയ ഒരു വ്യവസായിയുടെ ഓഫീസ് റൂം സങ്കല്പങ്ങളിൽ നിന്നെല്ലാം തികച്ചും വ്യത്യസ്തം. പരമപവിത്രമായ ഒരു സന്നിധിയിൽ പ്രതീക്ഷിക്കാതെ എത്തിപ്പെട്ട അസാധാരണമായ അനുഭവം." മേല്പത്തൂർ നാരായണ ഭട്ടതിരി ഗുരുവായൂരപ്പനെ നേരിൽ കണ്ട് നാരായണീയത്തിൽ വർണ്ണിച്ചിട്ടുള്ളതല്ല മുകളിൽ ഉദ്ധരിച്ചത്. പെരിയാറിൽ രാസവിഷം കലക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന, ആലുവ-എറണാകുളം ഭാഗത്തുള്ള പരിസ്ഥിതി പ്രവർത്തകർക്കെതിരെ ലക്ഷങ്ങൾ വാരിയെറിഞ്ഞ് കൂലിയെഴുത്തുകാരെക്കൊണ്ട് പ്രമുഖ വാരികകളിൽ വരെ പുലഭ്യം എഴുതിക്കാൻ ശേഷിയുള്ള, കേരളത്തിലെ കരിമണലിലേക്ക് കടക്കണ്ണെറിഞ്ഞ് നിൽക്കുന്ന എസ്.എൻ. ശശിധരൻ കർത്താ എന്ന അഴകിയ രാവണനെപ്പറ്റിയാകുന്നു അത്. പരിസ്ഥിതിവാദികളുടെ ആക്രമണത്തെ തുടർച്ചയായി നേരിട്ടുകൊണ്ട് സി.എം.ആർ.എൽ എന്ന സ്ഥാപനം നടത്തികൊണ്ടുപോകാൻ അദ്ദേഹം സഹിക്കുന്ന ബുദ്ധിമുട്ടുകൾ വിവരിക്കാൻ നവതിദിനത്തിൽ പത്രത്തിന്റെ ഫുൾപേജ് തന്നെ വിട്ടുകൊടുത്തിരിക്കുന്നു. "അഗ്നിസാക്ഷിയായേ ഞാൻ പറയൂ, പ്രവർത്തിക്കൂ. ഇവിടെ ഈ മുറിയിൽ ഇരുന്ന് നുണയില്ല, തട്ടിപ്പില്ല. ഇതൊക്കെ എന്നിലേക്ക് കൊണ്ടുവന്ന ചൈതന്യം.... അത് എന്റെ മെറിറ്റ് ആയി എടുക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഉത്തരവാദി ഈശ്വരനാണ്. അദ്ദേഹത്തോട് പൂർണ്ണ വിധേയനാണ് ഞാൻ. എന്തിനാണ് ടെൻഷൻ. എന്റെ ശരി ബാക്കിയുള്ളവർക്കുകൂടി ശരിയാകണമെന്ന് നിർബന്ധമില്ല. ശുദ്ധമായ കർമ്മവും അചഞ്ചലമായ ഭക്തിയും കൂടിച്ചേർന്ന ആത്മവിശ്വാസമാണ് എന്നെ മുന്നോട്ടു നയിക്കുന്നത്.... കാര്യമായ ഒരു ബുദ്ധിമുട്ടും ഈശ്വര കൃപയാൽ ഇതുവരെ അനുഭവപ്പെട്ടിട്ടില്ല. പിന്നെ ഗുരുവായൂരപ്പന് വേണ്ടാത്ത ജീവിതമാണെങ്കിൽ എനിക്കും വേണ്ട. വിജയിച്ചോ എന്നത് ഇപ്പോഴും ചോദ്യമാണ്. ഈശ്വരാനുഗ്രഹം വിജയമായി കനിയണമെങ്കിൽ മനസാ വാചാ കർമ്മണാ




ആനകളുടെ ദുരിതത്തെക്കുറിച്ചിറങ്ങിയ മാതൃഭൂമി ആഴ്ച്ചപ്പതിപ്പിന്റെ കവർ

ശുദ്ധമായിരിക്കണം. കലികാലത്തിൽ കർമ്മമാണ് പ്രധാനം. അത് വ്യവസായം തന്നെ ആകണമെന്നില്ല..." കരിമണൽ ഊറ്റാൻ സാധിക്കാത്തതിന്റെ അമർഷം പങ്കുവയ്ക്കുകയും പരിസ്ഥിതി സംരക്ഷണത്തെപ്പറ്റി കേൾക്കുമ്പോൾ പല്ലിറുമ്മുകയും ചെയ്യുന്ന കർത്ത എന്ന നിഷ്കാമകർമ്മിയായ മനീഷിയുടെ ഇത്തരം മൊഴിമുത്തുകൾ കൂടി പത്രം വായനക്കാരുടെ മുന്നിൽ നിരത്തുന്നുണ്ട്.

'ഡാമേജിംഗ് എഡിറ്റർ' എന്ന് പലപ്പോഴും സുകുമാർ അഴിക്കോട് വിശേഷിപ്പിക്കാറുണ്ടായിരുന്ന വീരേന്ദ്രകുമാറിനെ പോലൊരാൾക്കുമാത്രമേ ഒരു പത്രത്തിൽ, അതും നവതി ആഘോഷിക്കുന്ന വേളയിൽ, ഇരിക്കുന്നിടം തോണ്ടുന്ന പരിസ്ഥിതിദ്രോഹികളുടെ മലീമസവാചകങ്ങൾ അച്ചടിക്കാൻ തൊലിക്കട്ടി കാണുകയുള്ളൂ. ഭാഗ്യം, ഉദ്ഘാടന കാലത്ത് പത്രത്തിന്റെ നേതൃത്വത്തിൽ ഇത്തരം മനസ്സുകൾ ഉണ്ടാകാതിരുന്നത്. എങ്കിൽ അന്നത്തെ 'പ്രൗഢ' സദസ്സിൽ വിക്ടോറിയാ രാജ്ഞിയും ജാലിയൻവാലാബാഗ് കൂട്ടക്കൊലക്ക് ഉത്തരവിട്ട ജനറൽ ഡയറും, മൗണ്ട്ബാറ്റൺ പ്രഭുവും തിരുവിതാംകൂർ ദിവാൻ സർ സി.പിയും ഒക്കെയാകുമായിരുന്നു വിശിഷ്ടാതിഥികൾ!

ഇരിങ്ങാലക്കുട കൂടൽ മാണിക്യ ക്ഷേത്രത്തിൽ ഉത്സവത്തിന് കോലമേന്തുന്ന ആനയുടെ ഇരു പുറവും രണ്ട് കുട്ടിയാനകളെ നിർത്തുന്ന പതിവുണ്ട്. 'മാതൃഭൂമി' എന്നതിന്റെ ഇരുപുറവും രണ്ട് കുട്ടിച്ചാത്തൻ പരസ്യവുമായിട്ടാണ് പത്രം ദിവസേന രാവിലെ എഴുന്നെള്ളുന്നത്. 'വശ്യം, ആകർഷണം, ശത്രുവിൽ വിജയം, ചാത്തസേവ സ്വീകരിക്കുമ്പോഴും ബാധകൾ ഒഴിയുമ്പോഴും അടയാളം കാട്ടുന്നു' എന്നൊക്കെ എഴുതിവിടുന്ന ഇത്തരം പരസ്യങ്ങൾ ഒരു ജാള്യതയുമില്ലാതെ ഉമ്മറത്തുതന്നെ തുടരുന്നത് ചെറുതല്ലാത്ത 'മൂല്യം' അതിലുള്ളതുകൊണ്ടായിരിക്കണമല്ലോ. കാതികുടത്തെ വിഷമാലിന്യം വളം എന്ന പേരിൽ വ്യാപകമായി വിറ്റഴിക്കുന്നുണ്ടെന്നും അതിന്റെ പ്രത്യാഘാതം അതി ഭയാനകമായിരിക്കുമെന്നും പറഞ്ഞ് വി.ടി,പത്മനാഭൻ നടത്തിയ പത്ര സമ്മേളനത്തിൽ നിന്നും ഒരു വരി പോലും കൊടുക്കാതെ മാതൃഭൂമി 'മൂല്യം' സംരക്ഷിച്ചത് മറക്കാറായിട്ടില്ല. 'സീഡി'ലുള്ള കുട്ടികൾക്ക് പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിന് അവസരമുണ്ടാകാൻ വേണ്ടിയാണ് വനിതാപ്രസിദ്ധീകരണങ്ങളും ഓണപ്പതിപ്പും മറ്റും പ്ലാസ്റ്റിക് കൂടുകളിലാക്കി വിതരണം ചെയ്യുന്നത്. രണ്ടാഴ്ചയിലൊരിക്കലെങ്കിലും ഏതെങ്കിലും കോർപ്പറേറ്റിന്റെ ജാക്കറ്റ് പരസ്യം കിട്ടും. അതിന്റെ 'മൂല്യം' വളരെ ഉയർന്നതായതുകൊണ്ട് ആ കോമാളിപ്പുതപ്പ് ധരിക്കാതിരിക്കാനാവില്ല. അതുപോലെ തന്നെ കൂടംകുളം ആണവനിലയത്തെ പിന്തുണക്കുന്ന നിലപാട് പത്രം എടുക്കുന്നു. ആഴ്ചപ്പതിപ്പ് വായിക്കുന്നവരെ അതിന് കിട്ടില്ലെന്നറിയാം. അതുകൊണ്ട് ആഴ്ചപ്പതിപ്പിന്റെ




തൃശൂർ പൂരത്തിന്റെ ദിവസം മാതൃഭൂമിയുടെ തൃശൂർ എഡിഷനിൽ ഒന്നാം പേജിൽ വന്ന ആനയുടെ ചിത്രം.

നിലപാട് ആണവനിലയം ആപത്താണ് എന്നാകുന്നു. അനുഗ്രഹീത എഴുത്തുകാരനും ഫോട്ടോഗ്രാഫറുമായ എൻ.എ. നസീറിന്റെ ചിത്രങ്ങളും ലേഖനവും ആഴ്ച്ചപ്പതിപ്പിൽ അച്ചടിച്ച് കേരളം ആനകളോട് കാണിക്കുന്ന ക്രൂരതയെ ലോകത്തിന് മുന്നിൽ തുറന്നുകാട്ടുന്നു. ഒരുലക്കം മുഴുവനും അതിനായി മാറ്റിവയ്ക്കുന്നു. അതേസമയം പത്രം ചെയ്തുകൊണ്ടിരിക്കുന്നത്, നാട്ടിൽ ആനകളെ പങ്കെടുപ്പിച്ച് നടത്തുന്ന സകല പൂരങ്ങളെയും അങ്ങേയറ്റം പൊലിമയോടെ അവതരിപ്പിക്കുകയാണ്. ആനയിടഞ്ഞ് പൂരം അലങ്കോലമായാൽ പത്രം എഴുതുക, ആനയ്ക്ക് കോലം കിട്ടാത്തതിലുള്ള മനോവിഷമം കൊണ്ടാണ് ഇടഞ്ഞതെന്നാണ്. ആനത്തോട്ടികൊണ്ട് പാപ്പാന്മാർ കുത്തിയപ്പോഴുണ്ടായ മുറിവും ചങ്ങല ഉരഞ്ഞ് ചലം ഒലിക്കുന്ന വ്രണങ്ങളുമുള്ള പിൻകാലുകളുടെ ചിത്രമാണ് ആഴ്ചപ്പതിപ്പിന് പഥ്യം. തീവെട്ടികളുടെ വെളിച്ചത്തിൽ തിളങ്ങുന്ന നെറ്റിപ്പട്ടമണിഞ്ഞ്, വെഞ്ചാമരവും ആലവട്ടവും പട്ടുക്കുടയുമായി നിൽക്കുന്ന ഗജസൗന്ദര്യമാണ് പത്രത്തിന് വേണ്ടത്. 'ആന ചത്താലും ജീവിച്ചാലും പന്തീരായിരം' എന്ന നാട്ടുമൊഴിയാണ് ഇവിടെ പ്രമാണം. ആനയുടെ പിൻഭാഗമായാലും മുൻഭാഗമായാലും മാർക്കറ്റ് അനുസരിച്ച് വിളമ്പുക എന്നതാണ് മാതൃഭൂമിയുടെ നയം. ഇതെല്ലാം 'മൂല്യ'ത്തിൽ അധിഷ്ഠിതമാണ്. പത്തുവർഷം കൂടി കഴിഞ്ഞാൽ മാതൃഭൂമിക്ക് ശതാബ്ദിയാണ്. നവതിയിൽ അവസാന ഖണ്ഡികയിലേക്ക് ഒതുക്കപ്പെട്ട കോർപ്പറേറ്റുകൾക്ക് അന്നു മുൻനിരയിലേക്ക് സ്ഥാനം കിട്ടുമെന്നുറപ്പിക്കാം. ഇപ്പോഴുള്ള എഴുത്തുകാരേയും രാഷ്ട്രീയക്കാരേയുമൊക്കെ പൂർണ്ണമായി ഒഴിവാക്കണം. എന്നാലേ പൂർണ്ണ അർത്ഥത്തിൽ സദസ്സ് 'പ്രൗഢവും' 'സമ്പന്നവും' ആകൂ...

ജനുവരി 16 മുതൽ പത്രത്തിന്റെ വില വീണ്ടും വർദ്ധിപ്പിക്കുകയാണ്. പത്രക്കടലാസിന്റെയും മറ്റ് അച്ചടി സാമഗ്രികളുടെയും വിലയിൽ വൻ വർദ്ധനവുണ്ടായിരിക്കുന്നതിന് പുറമെ വൈദ്യുതിയുടെയും ഡീസലിന്റെയും വിലയും കൂടിയ സാഹചര്യത്തിൽ പത്രത്തിന്റെ വില വർദ്ധിപ്പിക്കാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുന്നു എന്ന അറിയിപ്പോടെയാണ് ഇത്. ഒരു ദിവസത്തെ വാർത്തകൾ അച്ചടിക്കാൻ രണ്ട് പേജോ ഏറിയാൽ നാല് പേജോ മതിയെന്നിരിക്കെ എന്തിനാണ് 38 ഉം 48 ഉം പേജുകൾ എന്ന് വായനക്കാർ ചിന്തിച്ചുകൂടായ്കയില്ല. "ജനങ്ങളുടെ പ്രശ്നങ്ങൾക്കൊന്നും ഇടം കൊടുക്കാതെ കോർപ്പറേറ്റുകളെ വാഴ്ത്താനും അവരുടെ പരസ്യമടിക്കാനും വേണ്ടി ഇത്രയും പത്രക്കടലാസും ഡീസലും വൈദ്യുതിയും നശിപ്പിക്കുന്നതിന് ഞങ്ങളെന്തിന് പണം തരണമെന്ന് ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. ഈ സാഹചര്യത്തിൽ അടുത്ത ഒന്നാം തീയതി മുതൽ പത്രം വേണ്ടെന്ന് വയ്ക്കുവാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുകയാണ്. തുടർന്നും സഹകരണം പ്രതീക്ഷിക്കുന്നു" എന്ന് വായനക്കാർ എഴുതിവിടുന്ന കാർഡുകൾകൊണ്ട് നമ്മുടെ പത്രമോഫീസുകൾ നിറയുന്ന കാലം അനതിവിദൂരമല്ല.

**വാൽക്കഷ്ണം**

മാനേജിംഗ് ഡയറക്ടറും മാനേജിംഗ് എഡിറ്ററും മാതൃഭൂമി അതിന്റെ മൂല്യം വിട്ട് കളിക്കില്ല എന്ന് എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുമ്പോഴും 'മൂല്യം' എന്നതിന് എന്താണ് അർത്ഥമെന്ന് അവരുടെ ചെയ്തികളിൽ നിന്ന് കുറെയൊക്കെ മനസ്സിലാകുന്നുണ്ട്. ഇതു തന്നെയാണ് ജീവനക്കാർ പറയുന്നതിന്റെയും സ്ഥിതി.

മാതൃഭൂമി ന്യൂസിന്റെ 'അകം പുറം' എന്ന പരിപാടി. അവതാരികയായ ശ്രീകല, സിനിമാ നിർമ്മാതാക്കളും സംവിധായകരുമായ രണ്ടുമൂന്നുപേരുമായി സംസാരിക്കുന്നു. മലയാളസിനിമ കഴിഞ്ഞ വർഷം എണ്ണത്തിൽ റെക്കോർഡ് സ്ഥാപിച്ചതും അത് സിനിമക്ക് ഗുണമോ ദോഷമോ എന്നതുമൊക്കെയാണ് വിഷയം. അവസാനം ശ്രീകല ചോദിക്കുന്നു. 'കഴിഞ്ഞവർഷം സിനിമാരംഗത്തുള്ള നടന്മാരും മറ്റും ധാരാളം സാമൂഹ്യ പ്രശ്നങ്ങളിൽ ഉൾപ്പെട്ടിരുന്നല്ലോ?' സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടുന്ന സിനിമാക്കാരോ എന്ന അന്ധാളിപ്പ് പ്രേക്ഷകരെപ്പോലെതന്നെ അഭിമുഖത്തിനെത്തിയ സിനിമാക്കാരുടെ മുഖത്തും. അവർക്ക് മനസ്സിലായില്ലെന്നു കണ്ട് അവതാരക 'സാമൂഹ്യ പ്രശ്നം..., സോഷ്യൽ ഇഷ്യൂസ്...' എന്ന് വിശദീകരിക്കുന്നു. സിനിമാക്കാർക്ക് അങ്ങിനെയൊന്നുണ്ടോ എന്ന അങ്കലാപ്പിൽ തന്നെയാണ് എന്നിട്ടും അവതാരകയുടെ മുന്നിലുള്ളവർ. അവതാരക കൃത്യമായി പറഞ്ഞപ്പോഴാണ് എല്ലാവർക്കും കാര്യം മനസ്സിലായത്. 'സാമൂഹ്യ പ്രശ്നം എന്നു പറഞ്ഞാൽ സ്വർണ്ണ ബിസ്കറ്റ് കടത്തൽ, സോളാർ കേസ്, ടാക്സ് വെട്ടിപ്പ് എന്നൊക്കെയാണ് ഉദ്ദേശിച്ചത്....' അത് കേട്ടതോടെ എല്ലാവർക്കും ശ്വാസം നേരെ വീണു.

'വാക്കുകൾ കൂട്ടിച്ചൊല്ലാൻ വയ്യാത്ത
കിടാങ്ങളേ,
ദീർഘദർശനം ചെയ്യും ദൈവജ്ഞരല്ലോ
നിങ്ങൾ' *(മാമ്പഴം -വൈലോപ്പിള്ളി)* ■